**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1472** **07.06.2018 ൽ മറുപടിയ്ക്ക്**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. പി.ടി. തോമസ്**<br>**ശ്രീ.അടൂർ പ്രകാശ്** | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |

## മൂന്നാർ നീലക്കുറിഞ്ഞി സങ്കേതം

| | | |
|---|---|---|
| (എ) | മൂന്നാർ നീലക്കുറിഞ്ഞി സങ്കേതത്തിന്റെ വിസ്തൃതി 3200 ഹെക്ടറായി നില നിർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച ഉത്തരവ് പുറത്തിറങ്ങിയിട്ടുണ്ടോ; | (എ) ഈ വിഷയം സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള 10/5/2018-ലെ G.O(Ms)178/2018/റവ നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കുറിഞ്ഞി സങ്കേതത്തിലെ പട്ടയപ്രശ്നം എപ്രകാരം പരിഹരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്; ഇതിനായി സെറ്റിൽമെന്റ് ഓഫീസറെ നിയോഗിച്ചിട്ടുണ്ടോ; | (ബി) നിലവിൽ ദേവികുളം സബ്കളക്ടറെ സെറ്റിൽമെന്റ് ഓഫീസറായി നിയമിച്ചിട്ടുണ്ട്. 10/5/2018-ലെ ഉത്തരവിൻ പ്രകാരമുള്ള സെറ്റിൽമെന്റ് ഓഫീസറുടെ നിയമനം നടത്തിയിട്ടില്ല. കുറിഞ്ഞി സങ്കേതത്തിലെ പട്ടയപ്രശ്നം പരിഹരിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | നീലക്കുറിഞ്ഞി സങ്കേതം സംബന്ധിച്ച് റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി നൽകിയ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; | (സി) മുൻ അഡീഷണൽ ചീഫ് സെക്രട്ടറി നിവേദിതാ പി. ഹരന്റെ നേതൃത്വത്തിലുള്ള ഉന്നതാധികാര സമിതി സമർപ്പിച്ച റിപ്പോർട്ട് പ്രകാരമുള്ള ശുപാർശകൾ ചുവടെചേർക്കുന്നു.<br>1. വട്ടവട, കൊട്ടകാമ്പൂർ, കാന്തല്ലൂർ, മറയൂർ, കീഴാന്തൂർ വില്ലേജുകളിലെ യൂക്കാലി പ്ലാന്റേഷനുകൾ സർക്കാർ ഏറ്റെടുക്കണം.<br>2. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അന്തസത്ത ഉൾകൊണ്ടുകൊണ്ട് ടി മേഖലയുടെ പാരിസ്ഥിതിക ദുർബലാവസ്ഥ പരിഗണിച്ച് അഞ്ചുനാട് മേഖലയിലെ സർക്കാരിന്റേയും സ്വകാര്യവ്യക്തികളുടെയും വനം വകുപ്പിന്റേയും കൈവശത്തിലുള്ള ഭൂമിയിൽ നിൽക്കുന്ന എല്ലാ |

യൂക്കാലി, അക്കേഷ്യ അടക്കമുള്ള മരങ്ങളുടെ വിളവെട്ടുപ്പ് നിരോധിക്കണം. Kerala Promotion of Tree growth in Non-Forest Areas Act-2005-ന്റെ കീഴിൽ യൂക്കാലിമരങ്ങളുടെ വിളവെട്ടുപ്പ് നിരോധിക്കുന്നതിനായുള്ള നിയമഭേദഗതികൾ സർക്കാർ പരിഗണനയിലിരിക്കുന്നതിനാൽ സ്വകാര്യ ഭൂമിയിൽ നിൽക്കുന്ന യൂക്കാലി മരങ്ങളുടെ കൃഷി നിരോധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണം.

3. മേഖലയിലെ ഓരോ തണ്ടപ്പേരും തണ്ടപ്പേർ കക്ഷികൾക്ക് നോട്ടീസ് കൊടുത്ത് പരിശോധിക്കണം. നിശ്ചയിക്കുന്ന അധികാരകേന്ദ്രം മുമ്പാകെ ഓരോ കക്ഷിയും നേരിൽ ഹാജരാകണം നിയമപരമായ ചുമതലപ്പെടുത്തലോ അപേക്ഷയോ സർവ്വമുക്ത്യാർ മുഖാന്തിരമുള്ള ഹാജരാകലോ അനവദനീയമല്ല. കൈവശത്തിലുള്ള രേഖകൾ സഹിതം അവകാശം തെളിയിക്കുന്നതിനായി തണ്ടപ്പേർകക്ഷി നേരിൽ ഹാജരാകണം. ഇതിന്റെ ഭാഗമായി ആത്മാർത്ഥതയുള്ള ഒരു ടീം ടി പരിശോധനയ്ക്കായി സജ്ജമാക്കണം.
4. ടി ജോലികൾ വന്യജീവി സംരക്ഷണ നിയമം പ്രകാരം ചുമതലപ്പെട്ട സെറ്റിൽമെന്റ് ഓഫീസർ 7 വർഷങ്ങൾക്കുമുമ്പ് നിർവഹിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ ഈ ജോലികൾ നിർവഹിക്കുന്നതിന് നിയമത്താൽ ചുമതലപ്പെട്ട ലാന്റ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്താവുന്നതാണ്. കമ്മീഷണർ ഈ ജോലികൾ 3 മാസത്തിനുള്ളിൽ നിർവഹിക്കേണ്ടതാണ്. ആയതിന് ഇതിന്റെ ഭാഗമായി ആത്മാർത്ഥതയുള്ള ടീമുകളെ ടി പരിശോധനയ്ക്കായി ലാന്റ് റവന്യൂ കമ്മീഷണർ സജ്ജമാക്കണം.
5. ഇത്തരത്തിൽ പരിശോധന പൂർത്തീകരിച്ചതിനുശേഷം പ്രഥമദൃഷ്ട്യാ യോഗ്യമെന്നു കാണുന്നവയുടെ സ്ഥല പരിശോധന നടത്തേണ്ടതാണ്. ഇതിന് ആത്മാർത്ഥതയുള്ള സർവ്വെ റവന്യൂ വനം വകുപ്പ് ഉദ്യോഗസ്ഥർ അടങ്ങുന്ന ടീമുകളെ ടി പരിശോധനയ്ക്കായി ലാന്റ് റവന്യൂ കമ്മീഷണർ സജ്ജമാക്കണം. GPS സംവിധാനം

ഉപയോഗിച്ചായിരിക്കണം ടി പരിശോധന നടത്തേണ്ടത്. ദേവികുളം സബ്ബ് കളക്ടർ ഇത്തരത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ പരിശോധിച്ച് ബോദ്ധ്യപെടുന്ന യഥാർത്ഥ പട്ടയത്തിൽപെട്ട ഭൂമിയുടെ അതിർത്തിനിർണയം നടത്തുകയും ടി വസ്തുവിന്റെ മാപ്പ് സഹിതം പട്ടയകക്ഷിയ്ക്ക് /നിയമാനുസൃത അവകാശിയ്ക്ക് കൈമാറുകയും ചെയ്യണം. ഈ ജോലികൾ 4 മാസത്തിനുള്ളിൽ പൂർത്തീകരിക്കണം. ഈ അവസരത്തിൽ കുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തിയും നിശ്ചയിക്കണം. ഇത്തരത്തിൽ നിർമ്മിക്കുന്ന രേഖകളുടെ ഒരു സെറ്റ് ഡിജിറ്റൽ ഫോർമാറ്റിൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ സൂക്ഷിക്കണം.

6. കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി സർക്കാർ ഭൂമിയിൽ നിന്ന് യൂക്കാലിപ്റ്റ്സ് മരങ്ങൾ മുറിച്ചുകടത്തിയ ഇനത്തിൽ സർക്കാരിന് കോടികളാണ് നഷ്ടപെട്ടിട്ടുള്ളത് എന്നതിനാൽ ടി പരിശോധന പൂർത്തിയാകുന്നതുവരെ അഞ്ചുനാട് മേഖലയിലെ യൂക്കാലിപ്റ്റ്സ് മരങ്ങളുടെ മുറിക്കൽ നിരോധിക്കണം.

7. ഈ ശുപാർശകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ടീമുകളിൽ വനംവകുപ്പ് ജീവനക്കാരേയും ഉൾപെടുത്തേണ്ടതും വനംവകുപ്പ് ഉദ്യോഗസ്ഥർ ചോലവനത്തെ നശിപ്പിക്കുന്ന പ്രവർത്തി ചെയ്യുന്ന അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കേണ്ടതും ടി പ്രദേശം ഉദ്യാനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി അതിർത്തിവേലി സ്ഥാപിച്ച് സൂക്ഷിക്കേണ്ടതുമാണ്. വനംവകുപ്പ് ഒരു ഭൂതലാധിഷ്ടിത മാപ്പ് കരുതേണ്ടതുമാണ്. അതുകഴിഞ്ഞ് മാത്രമേ കുറിഞ്ഞി ഉദ്യാന പ്രഖ്യാപനം പൂർണതയിൽ എത്തുകയുള്ളൂ.

8. ഇതേ തരത്തിലുള്ള പരിശോധന അഞ്ചുനാട് മേഖലയിലെ മറ്റ് മൂന്നു വില്ലേജുകളിൽകൂടി നടപ്പിലാക്കേണ്ടതും ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസർ മതിയായ പരിശോധന നടത്തേണ്ടതും അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കേണ്ടതുമാണ്. കൂടാതെ ഒരു ഭൂതലാധിഷ്ടിത മാപ്പ് കൂടി നിർമ്മിക്കേണ്ടതാണ്.

9. മൂന്നാർ പ്രദേശം പരിസ്ഥിതി സൗഹാർദ്ദ ടൂറിസമേഖലയായി വികസിപ്പിക്കേണ്ടതും

പൊതുസ്ഥലം കയ്യേറിയിട്ടുള്ള ഭൂമാഫിയയെ ഒഴിപ്പിക്കേണ്ടതും ടി പ്രദേശത്തിന്റെ ടൂറിസം പ്രത്യേകത സർക്കാർ മനസിലാക്കി കൃത്യമായി പ്ലാൻ ചെയ്യേണ്ടതും അത്തരത്തിൽ പ്ലാൻ ചെയ്താൽ ടൂറിസം മേഖലയിലൂടെ സർക്കാരിന് വലിയ വരുമാനം നേടാവുന്നതുമാണ്.

10. ഉദ്യാനമേഖലയിലെങ്കിലും സർവ്വമുക്ത്യാർ മുഖേനയുള്ള ഭൂമികൈമാറ്റം പൂർണമായി നിരോധിക്കേണ്ടതാണ്.

11. റവന്യൂ ഭൂമി, വനംവകുപ്പ് പാട്ടത്തിന് കൊടുക്കുന്ന സമ്പ്രദായം അവസാനിപ്പിക്കേണ്ടതാണ്. പാട്ടത്തിന് കൊടുക്കുകയാണെങ്കിൽ പാട്ട ഉടമ്പടിയിൽ റവന്യൂവകുപ്പിനെ കൂടി കക്ഷി ചേർക്കേണ്ടതാണ്. പരമാവധി വേഗത്തിൽ അഞ്ചുനാട് മേഖലയിലെ യൂക്കാലി വളർത്തൽ അവസാനിപ്പിക്കേണ്ടതാണ്.

12. ഇടുക്കി ജില്ലയ്ക്ക് പുറത്തുള്ളതും സ്ഥാപിത താത്പര്യങ്ങളില്ലാത്തതും കഴിവുള്ളതും സീനിയറുമായ ഒരു ഉദ്യോഗസ്ഥനെ ശുപാർശ പ്രകാരമുള്ള ജോലികൾ നിർവഹിക്കുന്നതിലേയ്ക്കായി ലാന്റ് റവന്യൂ കമ്മീഷണറായി നിയമിക്കേണ്ടതാണ്.

13. നിയമവിരുദ്ധമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതും ജോലിയിൽ കൃത്യവിലോപം കാണിച്ചിട്ടുള്ളതും ഭൂമാഫിയയെ സഹായിച്ചിട്ടുള്ളതുമായ എല്ലാ ജീവനക്കാർക്കെതിരെയും ശക്തമായ അച്ചടക്ക നടപടിയും ശുപാർശ ചെയ്യുന്നു.

14. അഞ്ചുനാട് മേഖലയിൽ ഭൂമി കയ്യേറിയിട്ടുള്ള ആളുകളെ തിരിച്ചറിയുന്നതിനായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മുഖേന ഒരു ത്വരിത പരിശോധന നടത്തേണ്ടതും ആയതിന്റെ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതുമാണ്.

15. അഞ്ചുനാട് മേഖലയിൽ നിയമവിരുദ്ധമായി ജനപ്രതിനിധികളുടേയോ അവരുടെ ആശ്രിതരുടേയോ പേരിൽ ഭൂമി വാങ്ങിയിട്ടുള്ള ജനപ്രതിനിധികളെ അവരുടെ വസ്തു സംബന്ധിച്ച വാർഷിക റിട്ടേൺ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ട് എന്നിവയിലൂടെ തിരിച്ചറിയേണ്ടതും

| | | |
|---|---|---|
| | | അത്തരം കേസുകൾ ലോക് ആയുക്തയ്ക്ക് റഫർ ചെയ്യേണ്ടതുമാണ്. |
| (ഡി) | നിവേദിതാ പി. ഹരൻ നേരത്തെ ഇറക്കിയ ഉത്തരവിലും ഇപ്പോൾ സർക്കാർ ഇറക്കിയ ഉത്തരവിലും കാര്യമായ വൈരുദ്ധ്യവും ആശയകുഴപ്പവും നിലനിൽക്കുന്നുവെന്നത് വസ്തുതയാണോ; | (ഡി) നിവേദിതാ പി. ഹരൻ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള 16/2/2015ലെ സ.ഉ.(എം.എസ്) 69/2015/റവ നമ്പർ ഉത്തരവ് ദൈനംദിന ജനജീവിതം ദുസഹമാക്കിയെന്നും വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തിയെന്നും നിരന്തരമായി പരാതികൾ ഉയർന്നിരുന്നുവെന്നും ആയതിനാൽ ടി വിഷയം പരിശോധിക്കുവാൻ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ വിവിധ യോഗങ്ങളിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുമാണ് 10/5/2018-ലെ G.O(Ms) 178/2018/റവ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ഇ) | കുറിഞ്ഞി സങ്കേതത്തിലെ പട്ടയ ഭൂമി ഒഴിവാക്കിയാൽ വിസ്തൃതി 3200 ഹെക്ടറായി നിലനിർത്തുവാൻ റവന്യൂ ഭൂമി ഇവിടെ ലഭ്യമാണോ; എങ്കിൽ എത്ര ഹെക്ടർ റവന്യൂ ഭൂമിയാണ് ഇപ്രകാരം കൂട്ടിച്ചേർക്കുന്നത്; | (ഇ) കൊട്ടകാമ്പൂർ വില്ലേജിലെ ബ്ലോക്ക് 58, വട്ടവട വില്ലേജിലെ ബ്ലോക്ക് 62 എന്നിവയിലെ പട്ടയഭൂമി മാത്രം ഒഴിവാക്കി ബ്ലോക്ക് 59, 60, 61, 63 എന്നിവയിലെ റവന്യൂഭൂമി കൂടി, പ്രധാനമായും ഗ്രാന്റീസ് തോട്ടങ്ങൾ ഉള്ള പ്രദേശങ്ങൾ, ഉൾപ്പെടുത്തി ഉചിതമായ രീതിയിൽ 3200 ഹെക്ടറിൽ കുറയാത്ത വിധം അതിരുകൾ പുനർനിർണയം ചെയ്യാനാണ് ഉത്തരവായിട്ടുള്ളത്. |
| (എഫ്) | നീലക്കുറിഞ്ഞി മേഖലയിൽ അക്കേഷ്യ, യൂക്കാലിപ്റ്റസ്, ഗ്രാൻഡിസ് എന്നീ മരങ്ങൾ നട്ട് വളർത്തുന്നത് നിരോധിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (എഫ്) 16/2/2015ലെ സ.ഉ.(എം.എസ്) 69/2015/റവ നമ്പർ ഉത്തരവ് പ്രകാരം നീലക്കുറിഞ്ഞി മേഖലയിൽ അക്കേഷ്യ യൂക്കാലിപ്റ്റസ്, ഗ്രാന്റീസ് മരങ്ങൾ നട്ടുവളർത്തുന്നത് നിരോധിച്ചിട്ടുണ്ട്. 10/5/2018 ലെ സ.ഉ.(കൈ) 178/2016/റവ. നമ്പർ ഉത്തരവ് പ്രകാരം ടി മേഖലയിലെ അക്കേഷ്യ, യൂക്കാലിപ്റ്റസ്, ഗ്രാന്റീസ് മരങ്ങൾ പിഴുതുമാറ്റുന്നതിന് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

ഇടുക്കി ജില്ല - കുറിഞ്ഞിമല സങ്കേതം - ജി.ഒ. (എം.എസ്) 69/2015/റ.വ. പുനപരിശോധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എ) വകുപ്പ്**

സ.ഉ. (കൈ) നം. 178/2018/റവ. തീയതി, തിരുവനന്തപുരം, 10/05/2018

---

പരാമർശം : 16.2.15-ലെ ജി.ഒ. (എം.എസ്) 69/2015/റ.വ.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ കുറിഞ്ഞിമല സങ്കേതത്തിലെ ഭൂമിസംബന്ധമായ എല്ലാ വിഷയങ്ങളും പരിശോധിച്ച പ്രത്യേക അന്വേഷണസംഘത്തിന്റെ കണ്ടെത്തലുകൾ അംഗീകരിച്ചുകൊണ്ട് പരാമർശം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം അഞ്ചുനാട് പ്രദേശത്ത് സമഗ്ര പട്ടയ പരിശോധന പൂർത്തിയാകുന്നതുവരെ സർക്കാർ ഭൂമിയിൽ യൂക്കാലിപ്റ്റസ് - ഗ്രാന്റിസ് വൃക്ഷങ്ങൾ മുറിക്കുന്നതും വിൽക്കുന്നതും നിരോധിച്ചും വട്ടവട, കൊട്ടക്കാമ്പൂർ, കാന്തല്ലൂർ, മറയൂർ, കീഴാന്തൂർ വില്ലേജുകളിലെ യൂക്കാലിപ്റ്റസ് തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കുന്നതിനും, സർക്കാർ ഭൂമിയിലെ യൂക്കാലിപ്റ്റ്സ്, ഗ്രാന്റിസ് കൃഷി നിരോധിച്ചുകൊണ്ടും ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് ദൈനംദിന ജനജീവിതം ദു:സഹമാക്കിയെന്നും വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തിയെന്നും നിരന്തരമായി പരാതികൾ ഉയർന്നിരുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം ഉത്തരവ് പുന:പരിശോധിക്കുവാൻ ഈ വിഷയം സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ വിവിധ യോഗങ്ങളിൽ തീരുമാനമായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലും വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിലും, പരാമർശം ഉത്തരവിൽ ചുവടെ കൊടുക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. വട്ടവട, കൊട്ടക്കമ്പൂർ, മറയൂർ, കാന്തല്ലൂർ, കീഴാന്തൂർ പ്രദേശങ്ങളിൽ അക്വേഷ്യ യൂക്കാലിപ്റ്റസ് - ഗ്രാന്റിസ് എന്നിവയുടെ കൃഷി നിരോധിക്കുന്നതിനായി 2005 ലെ Kerala Promotion of Tree Growth in Non Forest Areas Act ൽ വനം വകുപ്പ് ഉചിതമായ ഭേദഗതി വരുത്തേണ്ടതാണ്.
2. റവന്യൂ ഭൂമിയിൽ മരം നട്ടുപിടിപ്പിക്കുന്നതിനായി കമ്പനികൾക്ക് /

ഏജൻസികൾക്ക് വനം വകുപ്പ് നേരിട്ട് പാട്ടം നൽകാൻ ഇനി മേൽ പാടുള്ളതല്ല. പകരം റവന്യൂ വകുപ്പും വനം വകുപ്പും ചേർന്ന് യൂക്കാലിപ്റ്റസ് - ഗ്രാന്റിസ്, അക്കേഷ്യ ഒഴികെയുള്ള മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള ത്രികക്ഷികരാറിൽ ആവശ്യമെങ്കിൽ ഏർപ്പെടാവുന്നതാണ്.

3. കുറിഞ്ഞിമല സാങ്ച്വറിയുടെ വിസ്തൃതി നിജപ്പെടുത്തുമ്പോൾ ദേവികുളം താലൂക്കിലെ കൊട്ടക്കമ്പൂർ വില്ലേജ് ബ്ലോക്ക് 58 ലെയും വട്ടവട വില്ലേജ് ബ്ലോക്ക് 62 ലെയും പട്ടയഭൂമി ഒഴികെ ബ്ലോക്ക് നം. 59,60,61,63, എന്നിവയിലുള്ള റവന്യൂ ഭൂമി കൂടി, പ്രധാനമായും ഗ്രാന്റിസ് തോട്ടങ്ങൾ ഉള്ള പ്രദേശങ്ങൾ, ഉൾപ്പെടുത്തി ഉചിതമായ രീതിയിൽ 3200 ഹെക്ടറിൽ കുറയാത്ത വിധം അതിരുകൾ പുനർനിർണ്ണയം ചെയ്യേണ്ടതാണ്. ഈ ഉത്തരവിലെ കാര്യനിർവ്വഹണത്തിനായി ഒരു മുതിർന്ന ഐ.എ.എസ് ഓഫീസറെ സ്പെഷ്യൽ ഓഫീസറായി നിയമിക്കേണ്ടതാണ്. ടി ഓഫീസർക്ക് കേരള ലാന്റ് അസൈൻമെന്റ് ആക്ട് പ്രകാരമുള്ള കളക്ടറുടെ അധികാരം നൽകി റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. കൂടാതെ ടി ഓഫീസറെ 1972 ലെ Wild Life (Protection) Act (Central Act 53 of 1972) ന്റെ section 18B പ്രകാരം കളക്ടറായി പ്രഖ്യാപിച്ച് വനം വകുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്.
4. ഭൂമി പ്രശ്നം പരിഹരിക്കുന്നതിനും സർവ്വേ നടത്തുന്നതിനും പട്ടയങ്ങളുടെ ആധികാരികത പരിശോധിക്കുന്നതിനും കുറിഞ്ഞി സങ്കേതം സന്ദർശിച്ച മന്ത്രിതല സംഘത്തിന്റെ റിപ്പോർട്ടിലെ താഴെപറയുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് ഒരു ഉദ്യോഗസ്ഥതല കമ്മിറ്റിയെ നിയോഗിക്കുന്നതിന് ഇപ്രകാരം നിയമിക്കുന്ന സ്പെഷ്യൽ ഓഫീസർക്ക് അനുമതി നൽകുന്നു.

മന്ത്രിതല സംഘത്തിലെ റിപ്പോർട്ടിലെ ബന്ധപ്പെട്ട നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്.

i. ശരിയായ കൈവശാവകാശ രേഖകളുള്ള ആരേയും കുടിയൊഴിപ്പിക്കേണ്ടതില്ല. ഇപ്പോൾ സാങ്ച്വറി പ്രദേശമായി ഇന്റൻഷൻ നോട്ടിഫിക്കേഷനിൽപ്പെട്ട ഭൂമിയിൽ താമസിച്ച് കൃഷി ചെയ്ത് ഉപജീവനം നടത്തി ജീവിച്ചു പോരുന്ന എല്ലാവർക്കും 1964-ലെ കേരള ഭൂമി പതിവു ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഭൂമിക്ക് പട്ടയം നൽകാവുന്നതുമാണ്.

ii. അപ്രകാരം പട്ടയം നൽകുന്നതിന് പഞ്ചായത്തിന്റെയോ റവന്യൂ വകുപ്പിന്റെയോ കൃഷി വകുപ്പിന്റെയോ രേഖകളോ, കൈവശാവകാശരേഖയോ, പട്ടയമോ, വീടുണ്ടെങ്കിൽ അതു സംബന്ധിച്ച ഏതെങ്കിലും സർക്കാർ / ബാങ്ക് രേഖയോ, റേഷൻ / ഇലക്ഷൻ രേഖകളോ പരിശോധിച്ച് ഉടമസ്ഥത / കൈവശം തിട്ടപ്പെടുത്താവുന്നതാണ്.

iii. കൊട്ടക്കമ്പൂർ, വട്ടവട പ്രദേശത്ത് താമസിച്ച് കൃഷി ചെയ്ത് ഉപജീവനം

നടത്തുന്നവരുടെ ഭൂവുടമസ്ഥതാ പ്രശ്നം പരിഹരിക്കുന്നതിന് അതതു പ്രദേശങ്ങളിൽ താത്ക്കാലിക ക്യാമ്പ് ഓഫീസുകൾ ക്രമീകരിച്ച് അവിടെ വച്ച് സെറ്റിൽമെന്റ് ഓഫീസർ അവർക്കു പറയാനുള്ളതു കേട്ട് കേസുകൾ തീർപ്പാക്കുന്ന രീതി അവലംബിക്കേണ്ടതാണ്.

iv. 2006-ലെ കറിഞ്ഞിമല സാങ്ച്വറി ഇന്റൻഷൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച ശേഷം നിർദ്ദിഷ്ട പ്രദേശത്തിനുള്ളിൽ നൽകിയിട്ടുള്ള കൈവശ രേഖകളുണ്ടെങ്കിൽ അവ കൂടുതൽ സൂക്ഷ്മമായി പരിശോധിക്കുകയും മേൽ ഖണ്ഡികകളായ (i),(ii),(iii) പ്രകാരം നടപടിയെടുക്കേണ്ടതാണ്.

5. നിർദ്ദിഷ്ട സാങ്ച്വറി പ്രദേശത്തിലുള്ള വനഭൂമിയും പട്ടയഭൂമിയും ഡ്രോൺ അധിഷ്ഠിത/ആധുനിക സർവ്വേ സാങ്കേതികവിദ്യ ഉപയോഗിച്ച് തിട്ടപ്പെടുത്തുന്ന നടപടി ഉടൻ ആരംഭിച്ച്, ജൂണിന് മുമ്പായി അവസാനിപ്പിക്കുന്നതിന് മൂന്നാം ഖണ്ഡിക പ്രകാരം നിയോഗിക്കപ്പെടുന്ന സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തുന്നു.
6. അപ്രകാരം തിട്ടപ്പെടുത്തുന്ന ഭൂമി വനം വകുപ്പ് ജണ്ടയിട്ട് തിരിക്കേണ്ടതാണ്.
7. വട്ടവട, കൊട്ടക്കാമ്പൂർ, കാന്തല്ലൂർ, മറയൂർ, കീഴാന്തൂർ വില്ലേജുകൾ ഉൾപ്പെടുന്ന അഞ്ചുനാട് പ്രദേശങ്ങളിലെ എല്ലാ അക്കേഷ്യ, യൂക്കാലിപ്റ്റസ് - ഗ്രാന്റിസ് മരങ്ങളും പിഴുത് മാറ്റാൻ ഇടുക്കി ജില്ലാകളക്ടർ വ്യക്തമായ പദ്ധതി തയ്യാറാക്കേണ്ടതാണ്. പ്രസ്തുത പ്രദേശങ്ങളിലെ റവന്യൂ ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ ഇടുക്കി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പദ്ധതി തയ്യാറാക്കി അടുത്ത 6 മാസങ്ങൾക്കുള്ളിൽ പൂർണ്ണമായി പിഴുതുമാറ്റേണ്ടതാണ്. പട്ടയ ഭൂമിയിൽ നിൽക്കുന്ന അക്കേഷ്യ, യൂക്കാലിപ്റ്റസ് - ഗ്രാന്റിസ് മരങ്ങൾ പട്ടയ ഉടമതന്നെ ആറുമാസത്തിനുള്ളിൽ പിഴുതുമാറ്റേണ്ടതാണ്. ഉടമസ്ഥത സംബന്ധിച്ച് പ്രശ്നങ്ങൾ നിലനിൽക്കുന്ന ഭൂമിയെ സംബന്ധിച്ച് ജില്ലാ കളക്ടർ മുമ്പാകെ ഉടമസ്ഥത തെളിയിച്ച് 6 മാസത്തിനുള്ളിൽ പിഴുത് മാറ്റേണ്ടതാണ്.
8. ഏതെങ്കിലും കാരണവശാൽ പട്ടയഭൂമിയിലെ അക്കേഷ്യ, യൂക്കാലിപ്റ്റസ് - ഗ്രാന്റിസ് മരങ്ങൾ ഉടമസ്ഥൻ മേൽ പറഞ്ഞിരിക്കുന്ന കാലപരിധിക്കുള്ളിൽ പിഴുതുമാറ്റാതിരിക്കുകയാണെങ്കിൽ അത് പിഴുത് മാറ്റുന്നതിന് ജില്ലാ കളക്ടറെ അധികാരപ്പെടുത്തിക്കൊണ്ട് വനം വകുപ്പ്, 2005-ലെ Kerala Promotion of Tree Growth in Non Forest Areas Act ൽ ഭേദഗതി വരുത്തേണ്ടതാണ്.
9. അഞ്ചുനാട് പ്രദേശത്തെ വനഭൂമിയിൽ അക്കേഷ്യ, യൂക്കാലിപ്റ്റസ് - ഗ്രാന്റിസ് മരങ്ങൾ വച്ചുപിടിപ്പിക്കാൻ പാടുള്ളതല്ല എന്ന നിയമഭേദഗതി 2005 ലെ മേൽപ്പറഞ്ഞ നിയമത്തിൽ വനം വകുപ്പ് കൊണ്ടുവരേണ്ടതാണ്.
10. അഞ്ചുനാട് പ്രദേശത്തെ പട്ടയ ഭൂമിയുടെ പരിശോധന നടത്തുമ്പോൾ ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് യഥാർത്ഥ ഉടമതന്നെ ഹാജരാകേണ്ടതാണ്. അഞ്ചുനാട് പ്രദേശത്തെ അക്കേഷ്യ, യൂക്കാലിപ്റ്റസ് - ഗ്രാന്റിസ് തോട്ടങ്ങളല്ലാത്ത പട്ടയ ഭൂമിയുടെ പരിശോധന നടത്തുമ്പോൾ ഏതെങ്കിലും തക്കതായകാരണങ്ങളാൽ

യഥാർത്ഥ പട്ടയ ഉടമസ്ഥ്, ഹാജരാകാൻ കഴിയാതെ വരുകയാണെങ്കിൽ അതിന്റെ കാരണം പഞ്ചായത്ത്/വില്ലേജ് അധികാരികളെകൊണ്ട് സർട്ടിഫൈ ചെയ്യു വാങ്ങി അടുത്ത അനന്തരാവകാശി ഹാജരായി ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ശ്രീ.പോൾ ആന്റണി**
**ചീഫ് സെക്രട്ടറി**

അഡിഷണൽ ചീഫ് സെക്രട്ടറി, വനം വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം.
HOFF, ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, ഇടുക്കി.
പൊതുഭരണ (എസ്.സി) വകുപ്പ് (item no. 2091)
പൊതുഭരണ (സ്പെഷ്യൽ എ) വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ

[signature]
സെക്ഷൻ ഓഫീസർ